**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1182** **18-09-2025 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് , വാച്ച്മാൻ, ലാസ്കർ മുതലായ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഓഫീസ് അറ്റൻന്റ്, വാച്ച്മാൻ, ലാസ്കർ എന്നീ തസ്തികകളിലെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റിയിൽ സ്വീകരിച്ച് വരുന്നു. |
| (ബി) | വാട്ടർ അതോറിറ്റിയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ഇല്ലാതാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | വൈജ്ഞാനിക ഭരണനിർവ്വഹണത്തിന്റെ ഭാഗമായി കാലഹരണപ്പെട്ട തസ്തികകളെ പരിവർത്തനം ചെയ്ത് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസലിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളും പരിവർത്തനം ചെയ്യുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ 39 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പരിവർത്തനം ചെയ്ത് 34 മീറ്റർ റീഡർ തസ്തികകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രൊപ്പോസലിലെ മറ്റ് വസ്തുതകളിന്മേൽ വിശദമായ work study യുടെ അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിലുള്ള manpower statement സഹിതം മറ്റ് തസ്തികകൾ പുനഃനിർണ്ണയിക്കുന്നതിനുള്ള ശിപാർശ ലഭ്യമാക്കുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വാട്ടർ അതോറിറ്റിയിൽ ഓഫീസ് അസിസ്റ്റന്റ്, വാച്ച്മാൻ, ലാസ്കർ, അസിസ്റ്റന്റ് തുടങ്ങിയ വിവിധ തസ്തികകളിൽ ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ നിയമനങ്ങളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ? | (സി) | ഓഫീസ് അറ്റൻന്റ് - 337<br>വാച്ച്മാൻ – 182<br>ലാസ്കർ - 90 |

സെക്ഷൻ ഓഫീസർ